ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ സി.എൻ.വി. ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

ആർ. പി. എൽ.-ൽ ഫാമിലി കാർഡിൽ പേരില്ലാത്ത കുടുംബാംഗങ്ങളുടെ പേര് കാർഡിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ

44 [506] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ, ഫാമിലി കാർഡിൽ പേരില്ലാത്ത കുടുംബാംഗങ്ങളുടെ പേര് കാർഡിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫാമിലി കാർഡിൽ പേരില്ലാത്തവർക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നൽകുന്നതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) ഒരു കുടുംബത്തിൽനിന്ന് ആർക്കും ജോലിയില്ലാത്ത എത്ര കുടുംബങ്ങൾ ആർ. പി. എൽ.-ൽ ഇപ്പോൾ ഉണ്ട്;

(ഡി) ഈ കുടുംബാംഗങ്ങൾക്ക് താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഇപ്പോൾ താൽക്കാലികമായി ജോലി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീലങ്കൻ അഭയാർത്ഥികളുടെ പുനരധിവാസകാലത്ത് കാൻഡിയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ഓരോ കുടുംബത്തിനും നൽകിയ ഫാമിലികാർഡാണ് നിലവിലുള്ളത്. ഇതിൽ ഇനി പേര് ഉൾപ്പെടുത്താനാകില്ല.

(ബി) പുനരധിവാസത്തിനുശേഷം ജനിച്ച അഭയാർത്ഥികളുടെ മക്കൾക്ക് ഫാമിലി കാർഡിൽ പേരുള്ളവർക്ക് ലഭ്യമാകുന്ന തൊഴിൽ സംവരണം നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ അനുമതി ഇനിയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രശ്നത്തിന്റെ സാമൂഹികവും മാനുഷികവുമായ വശങ്ങൾ കണക്കിലെടുത്ത് ഒരു താൽക്കാലിക പരിഹാരമെന്ന നിലയിൽ ആർക്കും ജോലിയില്ലാത്ത അഭയാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങളിൽ ജോലിക്ക് അർഹതയുള്ള കുടുംബ കാർഡിൽ പേരുള്ള അഭയാർത്ഥികൾ ഇല്ലാത്തപക്ഷം കുടുംബത്തിലെ ഒരാൾക്ക് (കുടുംബ കാർഡിൽ പേരുള്ളവരുടെ മകനോ അല്ലെങ്കിൽ മകൾക്കോ) കമ്പനിയിൽ താൽക്കാലികാടി സ്ഥാനത്തിൽ ജോലി നൽകുന്ന കാര്യം പരിഗണിക്കുവാൻ സർക്കാർ ആർ. പി. എൽ. മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നു.

(സി) പത്തു കുടുംബങ്ങൾ.

(ഡി) കുടുംബ കാർഡിൽ പേരില്ലാത്തവർ 'റിപ്പാട്രിയേറ്റ്' അല്ലാത്തതിനാലും നേരത്തെ കേന്ദ്ര സർക്കാർ അനുമതിയോടെ പുറപ്പെടുവിച്ച 3-9-2001-ലെ ജി.ഒ. (എംഎസ്.) 71/91/എൽ.ബി.ആർ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം കമ്പനിയിലെ പ്ലാന്റേഷൻ വർക്കർമാരുടെ ഒഴിവുകൾ 'റിപ്പാട്രിയേറ്റിനായി' മാത്രം സംവരണം ചെയ്തിട്ടുള്ളതിനാലും റിപ്പാട്രിയേറ്റ് അല്ലാത്തവർക്ക് താൽക്കാലിക ജോലി നൽകുന്നതിനും സർക്കാരിന്റെ അനുമതി ആവശ്യമാണെന്നു ചൂണ്ടിക്കാട്ടി സർക്കാർ അനുമതി തേടിക്കൊണ്ടുള്ള നിർദ്ദേശം 1-4-2005-ൽ ആർ.പി.എൽ. സമർപ്പിച്ചിരുന്നു. ഇക്കാര്യം പരിശോധിച്ചശേഷം കേന്ദ്ര സർക്കാർ അനുമതിയോടെ തൊഴിൽപ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം ആകുന്നതുവരെ, ഒരു താൽക്കാലിക ആശ്വാസ നടപടി എന്ന നിലയിൽ, ആർക്കും ജോലിയില്ലാത്തതും ഫാമിലികാർഡിൽ ജോലിക്ക് യോഗ്യരായ അംഗങ്ങൾ ഇല്ലാത്തതുമായ കുടുംബങ്ങളിലെ അർഹതയുള്ള ഒരാൾക്ക് (കാർഡിൽ പേരുള്ള അംഗത്തിന്റെ മകൾക്ക്/മകന്) 'കാഷ്വൽ എംപ്ലോയ്മെന്റ്' നൽകാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടിയിരിക്കുകയാണ്.

(ഇ) താൽക്കാലിക ജോലി നൽകുന്ന കാര്യം പരിഗണനയിലാണ്.

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

45 [507] *ശ്രീ. റോഷി അഗസ്റ്റിൻ:*

,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനത്തിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ തുടർപഠനം സാധ്യമാക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(സി) തോട്ടം തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly